കേസ്സും ക്രൈംബ്രാഞ്ചാണ് അന്വേഷിക്കുന്നത്. അമ്മുക്കുട്ടിയമ്മയുടെ മരണം സംഭവിച്ച കേസ് ഇപ്പോഴും സി. ഐ. നേരിട്ടാണ് നടത്തുന്നത്. അത് ക്രൈം ബ്രാഞ്ചിനെ ഏൽപ്പിക്കാം. ഇക്കാര്യത്തിൽ വളരെ ശ്രദ്ധാപൂർവം അന്വേഷണം നടത്തി കുറ്റവാളികളെ കണ്ടുപിടിക്കാനാവശ്യമായ നടപടികളും സ്വീകരിക്കാം. പോലീസിന് അതിനുവേണ്ട നിർദ്ദേശം കൊടുക്കാം. അതിനാവശ്യമായ കല്പനകളും പുറപ്പെടുവിക്കുകയും ചെയ്യാം.

(4) ശ്രീ. സിദ്ധാർത്ഥൻ കാട്ടുങ്ങലിന്റെ—വലപ്പാട് ശ്രീരാമ പോളിടെക്നിക്കൽ കമ്പ്യൂട്ടർ കോഴ്സ്

ശ്രീ. സിദ്ധാർത്ഥൻ കാട്ടുങ്ങൽ : സർ, എന്റെ നിയോജകമണ്ഡലത്തിലെ വലപ്പാട് ശ്രീരാമ പോളിടെക്നിക്ക് കേരളത്തിലെ ഏറ്റവും നല്ല പോളിടെക്നിക്കുകളിൽ ഒന്നാണ്. ഈ സ്ഥാപനത്തെ കമ്പ്യൂണിറ്റി പോളിടെക്നിക്കായി കേന്ദ്രഗവൺമെന്റ് തെരഞ്ഞെടുത്തുകഴിഞ്ഞു. സിൽവർ ജൂബിലി ആഘോഷിച്ച വളരെ നല്ലനിലയിൽ പ്രവർത്തിക്കുന്ന ഈ പോളിടെക്നിക്കിൽ കംപ്യൂട്ടർ കോഴ്സ് വേണമെന്നുള്ള ആവശ്യം ഇതിനുമുൻപ് ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രിയുടെ ശ്രദ്ധയിൽ ഞാൻ പെടുത്തിയിരുന്നു. അടുത്തവർഷം കമ്പ്യൂട്ടർ കോഴ്സ് തുടങ്ങുന്നതിനുള്ള അനുമതി നല്കണമെന്നും വർക്ക്ഷോപ്പിനു ആവശ്യമായിട്ടുള്ള മെറ്റീരിയൽ വാങ്ങുന്നതിനുള്ള പണം അനുവദിക്കണമെന്നും ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെടുത്തുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) : സർ, അടുത്ത വർഷം ഈ കോഴ്സ് തുടങ്ങണമെന്നാണ് അദ്ദേഹം പറഞ്ഞത്. ഇക്കാര്യം ഗവൺമെന്റിന്റെ സജീവ പരിഗണനയിലാണ്. അടുത്ത വർഷം വലപ്പാട് ശ്രീരാമ പോളിടെക്നിക്കിൽ കംപ്യൂട്ടർ കോഴ്സ് ആരംഭിക്കുന്നതാണ്.

(5) ശ്രീ. ഇ. കെ. നായനാരുടെ—ഗവൺമെന്റ് നഴ്സിംഗ് വിദ്യാർത്ഥിനികളുടെ സമരം

ശ്രീ. ഇ. കെ. നായനാർ : സ്പീക്കർ സർ, ഗവൺമെന്റ് നഴ്സിംഗ് സ്ക്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾ ഇവിടെ ഒരു സത്യാഗ്രഹ സമരം നടത്തുകയാണ്. അവർ മഴ നനഞ്ഞുകൊണ്ട് കിടക്കാൻ നിർബന്ധിതരായിരിക്കുകയാണ്. സത്യാഗ്രഹപ്പന്തൽ കെട്ടുന്നതിനുള്ള അനുവാദം അവർക്ക് കൊടുത്തിട്ടില്ല. ഞാൻ ഇന്നു രാവിലെ വരുമ്പോഴും മഴ നനഞ്ഞുകൊണ്ട് അവർ അവിടെ കിടക്കുകയാണ്. നമ്മുടെ പരിശീലനമേഖലയെ ഗുരുതരമായി ബാധിക്കുന്ന ഒന്നാണ് അവരുടെ ഈ സത്യാഗ്രഹ സമരം. ഈ മാസം 10-ാം തീയതി പുറപ്പെടുവിച്ച ഗവൺമെന്റുത്തരവിൽ രണ്ടു കാര്യങ്ങൾ പറയുന്നുണ്ട്.

(1) ഗവൺമെന്റ് നഴ്സിംഗ് സ്ക്കൂളുകളിൽ പഠിക്കുന്ന നഴ്സിംഗ് വിദ്യാർത്ഥികളുടെ ബോണ്ട് ഒബ്ലിഗേഷൻ നിർത്തലാക്കുന്നു.

(2) സ്റ്റൈപെൻഡും യൂണിഫാം അലവൻസും 1987 ജനുവരി മുതൽ ആരംഭിക്കുന്ന കോളേജുകളിലെ വിദ്യാർത്ഥിനികൾക്കും നൽകുന്നതല്ല.

സ്വകാര്യ മേഖലയിൽനിന്നും ധാരാളംപേർ നഴ്സിംഗ് പരീക്ഷ പാസ്സായിവരുന്ന സാഹചര്യം കണക്കിലെടുത്താണ് ഈ തീരുമാനമെന്ന് ഗവൺമെന്റിന്റെ കമ്മ്യൂണിക്കേയിൽ പറയുന്നു. ഗവൺമെന്റ് നഴ്സിംഗ് സ്ക്കൂളുകളിൽ പരിശീലനം പൂർത്തിയാക്കുന്നവർക്ക് സർക്കാരിന്റെ കീഴിൽ സേവനം അനുഷ്ഠിക്കുന്നതു സംബന്ധിച്ച് നഴ്സിംഗ് സ്ക്കൂളുകളിൽ ചേരുമ്പോഴുതന്നെ ഒരു കരാർ ഒപ്പിട്ടുകൊടുക്കണം. ആ കരാറിലെ ഡോക്യുമെൻസിലെ ലംഘനമാണ് ഈ ഗവൺമെന്റിന്റെ ഉത്തരവുകൾ.

LIBRARY ARCHIVES Kerala Legislative Assembly

വർഷങ്ങളായി സർക്കാർമേഖലയിൽ മാത്രം നടത്തിവന്നിരുന്ന ഒന്നാണ് ഈ നഴ്സിംഗ് പരിശീലന കോഴ്സ്. മൂന്നര വർഷത്തെ പരിശീലനകാലത്ത് മൂന്നു കൊല്ലം മുഴുവൻ ഹോസ്റ്റലിൽ താമസിച്ച് അവർ പഠനം നടത്തുന്നു. രാത്രികാലങ്ങളിൽ ആശുപത്രികളിൽ ഡ്യൂട്ടി നോക്കണമെങ്കിൽ ഇത് ആവശ്യമാണ്. അങ്ങനെ ഹോസ്റ്റലുകളിൽ താമസിച്ച് പഠനം നടത്തുന്നവർക്കാണ് സ്റ്റൈപെൻഡ് നൽകിവരുന്നത്. നഴ്സിംഗ് വിദ്യാർത്ഥികൾക്ക് യൂണിഫാം ശീവാക്കാനാവില്ല. അതിനാലാണ് ഈ യൂണിഫാം അലവൻസ് കൊടുക്കുന്നത്. ഇതൊക്കെ അവസാനിപ്പിക്കുവാനാണ് ഗവൺമെൻറ് ഇപ്പോൾ നിശ്ചയിച്ചിട്ടുള്ളത്. ഗവൺമെൻറ് പുറപ്പെടുവിച്ച ഉത്തരവിലും ഇതാണ് കാണുന്നത്. ഈ ഉത്തരവുകൾ പ്രേരകമായത് എന്താണ് ? മുൻകാലങ്ങളിൽ നഴ്സിംഗ് പരിശീലനത്തിന് പി. എസ്. സി. യാണ് വിദ്യാർത്ഥികളെ തെരഞ്ഞെടുത്തിരുന്നത്. പഠനം പൂർത്തിയാകുമ്പോൾ ഗവൺമെൻറ് നേരിട്ട് നിയമനം നടത്തിയിരുന്നു. എന്നാൽ 1976 മുതൽ ഗവൺമെൻറ് ഈ ഉത്തരവിനു മാറ്റം വരുത്തി. ജില്ലാ മെഡിക്കൽഓഫീസർ ചെയർമാനായുള്ള കമ്മിറ്റി മാർക്കിന്റെ അടിസ്ഥാനത്തിൽ സംവരണതത്ത്വം പാലിച്ചുകൊണ്ട് വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്ന രീതിയും ഏർപ്പെടുത്തി. പാസ്സാകുന്നവർക്ക് പിന്നീട് പി. എസ്. സി. വഴി നിയമനം നേടണം. ജില്ലാതല കമ്മിറ്റിയിൽ പി. എസ്. സി. നോമിനി ഇല്ലാത്തതുകൊണ്ട് ആ സെലക്ഷൻ കമ്മിറ്റി പരിശീലനത്തിന് തെരഞ്ഞെടുക്കുന്നവരെ ഗവൺമെൻറ് നേരിട്ട് നിയമിച്ചുകൂടേ എന്നാണ് പി. എസ്. സി. യുടെ നിലപാട്. പി എസ്. സി. യുടെ ഒരു നോമിനിയെ ഈ സെലക്ഷൻ കമ്മിറ്റിയിൽ ഉൾപ്പെടുത്തിയാൽ ഈ പ്രശ്നം പരിഹരിക്കാവുന്നതാണ്. ആരോഗ്യവകുപ്പിൽതന്നെ ഹെൽത്ത് വർക്കർ, എ. എൻ. എം. എന്നിവരെ സെലക്ഷൻ ബോർഡ് നേരിട്ട് തെരഞ്ഞെടുത്ത് നേരിട്ട് സർവ്വീസിൽ നിയമിക്കുകയും പിന്നീട് പി.എസ്.സി. ഇവരെ റെഗുലറൈസ് ചെയ്യുകയുമാണ് പതിവ്. നഴ്സിംഗ് വിദ്യാർത്ഥികളുടെ കാര്യത്തിലും ഇത് ചെയ്യുന്ന കാര്യം എന്തുകൊണ്ട് ഗവൺമെൻറിന് പരിഗണിച്ചുകൂടാ ? അത് ചെയ്യണം. ഓരോ വർഷവും 225 വിദ്യാർത്ഥികളെ മാത്രമാണ് സർക്കാർ നഴ്സിംഗ് സ്ക്കൂളുകളിൽനിന്നും പരിശീലനം പൂർത്തിയാക്കി പുറത്തുവരുന്നത്. അവരെ നിയമിക്കുന്നതിന് വേണ്ടത്ര സൗകര്യം നമ്മുടെ ആശുപത്രികളിലുണ്ട്. പക്ഷേ ഗവൺമെൻറിന്റെ ലക്ഷ്യം സർക്കാർ നഴ്സിംഗ് സ്ക്കൂളുകളിൽനിന്നും പഠനം പൂർത്തിയാക്കിയവരെ നിയമിക്കുകയല്ല, ഈ മേഖലയിലും സ്വകാര്യമേഖലക്കാർക്ക് വിട്ടുകൊടുക്കുകയാണ്. ഈ സർക്കാർ സ്വകാര്യ ആശുപത്രികൾക്ക് നഴ്സിംഗ് പരിശീലനം നൽകാൻ അനുവാദം കൊടുത്തു. അൻപതോളം സ്വകാര്യ ആശുപത്രികളിൽ ഇപ്പോൾ നഴ്സിംഗ് പരിശീലനം നടന്നുകൊണ്ടിരിക്കുകയാണ്. ഇതുകാരണം ഓരോ വർഷവും 1500 പേർ പരിശീലനം പൂർത്തിയാക്കി പുറത്തുവരുന്നു. സ്വകാര്യ ആശുപത്രികളിൽ കോഴ വാങ്ങി അഡ്മിഷൻ നടത്തണം. അവിടെ പരിശീലനം പൂർത്തിയാക്കുന്നവരും സർക്കാർ ആശുപത്രികളിൽ പരിശീലനം പൂർത്തിയാക്കുന്നവരും ഒരുപോലെ പി. എസ്. സി. ക്ക് അപേക്ഷ കൊടുത്ത് ജോലി നേടണമെന്നുള്ള അവസ്ഥയാണ് ഇപ്പോഴുള്ളത്. ഇത് പല മേഖലകളിലും ഉണ്ടെന്നുള്ള വസ്തുതയാണ്. ശരിയാണ്. പക്ഷേ ഈ സ്ഥിതി ഈ മേഖലയിൽ സർക്കാർ ഉണ്ടാക്കിവച്ചതാണ്. അതിനെ കൂടുതൽ പ്രോൽസാഹിപ്പിക്കുന്നതിനുവേണ്ടിയാണ് ഇപ്പോൾ ഈ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. പാവപ്പെട്ട കുടുംബങ്ങളിൽ നിന്നും വരുന്നവരാണ് സർക്കാർ നഴ്സിംഗ് സ്ക്കൂളുകളിൽ പഠിക്കാൻ വരുന്നവർ. അവർക്ക് സ്റ്റൈപെൻഡ് തുടർന്ന് നൽകണം. യൂണിഫോം അലവൻസും കൊടുക്കണം. സ്വകാര്യ ആശുപത്രി മേഖലയുമായി മൽസ

LIBRARY ARCHIVES Kerala Legislative Assembly

രിക്കാൻ അവിടെ അവരെ വിടരുത്. അതിന് ഇടവരുത്തരുത്. സർക്കാർ ഇന്നുവരെ നൽകിവന്നിരുന്ന ആനുകൂല്യങ്ങളും പിൻവലിക്കരുത്. ഒക്ടോബർ 10-ാം തീയതിയിലെ ഗവൺമെന്റ് ഉത്തരവ് റദ്ദാക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. സമരം ചെയ്യുന്ന നഴ്സിംഗ് വിദ്യാർത്ഥികളുടെ പ്രതിനിധികളുമായി മുഖ്യമന്ത്രിയും ആരോഗ്യവകുപ്പ് കൈകാര്യം ചെയ്യുന്ന മന്ത്രിയും അവരുടെ ആവശ്യങ്ങളും ചർച്ച ചെയ്ത് സമരം അവസാനിപ്പിക്കുന്നതിനുവേണ്ട നടപടികളും സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ചൂണ്ടിക്കാണിച്ചതുപോലെ 1977 വരെ വിദ്യാർത്ഥികളെ പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന തെരഞ്ഞെടുത്തതുകൊണ്ട് അവർക്ക് നേരിട്ട് ഗവൺമെന്റ് നിയമനം കൊടുക്കാറാണ് പതിവ്. മെഡിക്കൽ സർവ്വീസിൽ ഡോക്ടർമാരുടേയും നേഴ്സുമാരുടേയും കാര്യത്തിൽ കുറവുണ്ടായിരുന്ന ഒരു കാലഘട്ടത്തിലുണ്ടായിരുന്ന വ്യവസ്ഥ അനുസരിച്ച് ഇവരുടെ പഠിത്തം കഴിഞ്ഞാൽ ഇത്രകാലം ഗവൺമെന്റിൽ സേവനം നടത്തിക്കൊള്ളണമെന്ന് അവരെ ചുമതലപ്പെടുത്തുന്ന ഒരു ബോണ്ട് ഏർപ്പെടുത്തിയിരുന്നു. എന്നാൽ കാലാന്തരത്തിൽ ഡോക്ടർമാരുടെ എണ്ണം കൂടി വന്നതിനുശേഷം അത് ഗവൺമെന്റ് വേണ്ടെന്നുവച്ചു. 1976-ൽ തന്നെ നേരിട്ട് നിയമനം നടത്തുന്ന, അതായത് പബ്ലിക് സർവ്വീസ് കമ്മീഷന്റെ ട്രെയിനിംഗിനുള്ളതായ വിദ്യാർത്ഥികളുടെ ലിസ്റ്റ് കിട്ടാൻ വളരെ കാലതാമസം വന്ന അവസരത്തിൽ 1976-ൽ ഗവൺമെന്റ് ഒരു തീരുമാനം എടുത്തു. ഇനി പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേനയുള്ള റിക്രൂട്ടുമെന്റ് മാറി മറ്റു സംവിധാനങ്ങളും ഉണ്ടാക്കണമെന്ന്. അതിനുവേണ്ടി ഡിസ്ട്രിക്റ്റ് മെഡിക്കൽ ഓഫീസർ അദ്ധ്യക്ഷനായിട്ടുള്ള ഒരു കമ്മിറ്റി ജില്ലാതലത്തിൽ രൂപീകരിച്ച് അങ്ങനെ നിശ്ചയിക്കാൻവേണ്ടി തീരുമാനിച്ചു. അവിടെവന്ന ഒരു പ്രായോഗികമായ ബുദ്ധിമുട്ട് എന്തെന്നാൽ പബ്ലിക് സർവ്വീസ് കമ്മീഷൻ അതിനു തടസം പറഞ്ഞു. അങ്ങനെ പാസ്സായിവരുന്ന ആളുകളെ ഗവൺമെന്റിന് നേരിട്ട് നിയമിക്കാൻ അവകാശമില്ല. അത് പബ്ലിക് സർവ്വീസ് കമ്മീഷൻ തന്നെ നടത്തണം. പി. എസ്. സി. നടത്താനുള്ള കാരണം പറഞ്ഞത് ഗവൺമെന്റ് സ്കൂളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് മാത്രമാണ് ഈ സൗകര്യം ഗവൺമെന്റ് നിശ്ചയിച്ചത് എന്നാണ്. എന്നാൽ ഗവൺമെന്റിതര സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പ്രവേശനം കിട്ടണം. അങ്ങനെ പ്രവേശനം കിട്ടണമെങ്കിൽ പബ്ലിക് സർവ്വീസ് കമ്മീഷന്റെ പരിധിയിലുള്ളതാണ് എന്ന് പറഞ്ഞുകൊണ്ട് പി. എസ്. സി. അതിനെ ഒബ്ജക്ട് ചെയ്തു. എന്നു മാത്രമല്ല സാമുദായിക പ്രാതിനിധ്യം എടുക്കുന്നത് ഈ സ്റ്റേറ്റൊട്ടുക്ക് വരണം. ചില കാരണങ്ങളാൽ പി. എസ്. സി. അതിനെ ഒബ്ജക്ട് ചെയ്തിരിക്കുകയാണ്. ഏതായാലും അതിനെ ഓവർ റൂൾ ചെയ്തുകൊണ്ട് 1980-ൽ ഡയറക്ടറേറ്റ് ഓഫ് ഹെൽത്ത് സർവ്വീസസ് ഇവരെ സ്ഥിരമായിട്ട് നിയമിച്ചു. 1980 മുതൽ 1983 വരെ അത് തുടർന്നു. പി. എസ്. സി. ഇതുവരെ അംഗീകരിച്ചു കഴിഞ്ഞിട്ടില്ല. അവരുടെ നിയമനം സ്ഥിരപ്പെടുത്തുന്നതിനെ അംഗീകരിക്കണമെന്ന് ഗവൺമെന്റ് ആവശ്യപ്പെട്ടിരിക്കുകയാണ്. ഇത് പൂർണ്ണമായി തീരുമാനിക്കപ്പെടാത്ത സാഹചര്യത്തിൽ അതിനെ സംബന്ധിച്ച് പി. എസ്. സി. യുമായി ബന്ധപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഏതാണ്ട് 9 സർക്കാർ സ്കൂളുകളോടൊപ്പം 50 സ്വകാര്യ നഴ്സിംഗ് സ്കൂളുകളാണ് കേരളത്തിൽ നടന്നു വരുന്നത്. അവിടെയുള്ള കുട്ടികൾ പഠിച്ച് പുറത്തു വന്നതോടെ നേഴ്സുമാർക്ക് ക്ഷാമം ഇല്ലാതെയായി. അങ്ങനെ വന്നപ്പോൾ ഗവൺമെന്റ് ഇവർക്ക് ബോണ്ട്

LIBRARY ARCHIVES Kerala Legislative Assembly

പ്പോപ്പെടുത്തി പരിശീലനത്തിന് എടുക്കേണ്ട കാര്യമില്ല എന്ന് നിശ്ചയിച്ചു. കാണും പാസ്സാകുന്നവർ എവിടെയെങ്കിലും പോയി ജോലി കിട്ടാൻ ഇടവാട്ടേ എന്നതാണ്. വിദേശങ്ങളിൽ പോകുന്നതിനുപോലും ഗവൺമെൻറിന്റെ അനുവാദം വാങ്ങിക്കാൻ ബുദ്ധിമുട്ട് വന്നപ്പോഴും അവർക്ക് സ്വതന്ത്രമായി എവിടെയെങ്കിലും ജോലിചെയ്യാനുള്ള അവസരം കൊടുക്കാൻവേണ്ടി ബോണ്ടിൽനിന്ന് അവരെ യഥാർത്ഥത്തിൽ ഒഴിവാക്കുകയാണ് ചെയ്തത്. അങ്ങനെ ബോണ്ടിൽനിന്ന് ഒഴിവാക്കുന്ന അവസരത്തിൽ അവർക്ക് കൊടുക്കുന്ന സ്റ്റൈപെൻഡ് ആവശ്യമില്ല. കാരണം അവർക്ക് പഠിച്ച് മറ്റു വിദ്യാർത്ഥികളെപ്പോലെ പോകാൻ സ്വാതന്ത്ര്യമുണ്ട്. അതേയവസരത്തിൽ അവർക്ക് താമസിക്കാനുള്ള സൗകര്യവും ഫീസ് കൂടാതെ പഠിക്കാനുള്ള സൗകര്യത്തനുള്ള സംവിധാനവും തുടരുകയാണ്. ഈ ബോണ്ടില്ലാത്തതുകൊണ്ട് അവർക്ക് സ്റ്റൈപെൻഡ്.....

ഇപ്പോഴുള്ള വിദ്യാർത്ഥികളെ അത് ബാധിക്കുന്നില്ല. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞതുപോലെ ഇപ്പോഴും പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികളെ അത് ബാധിക്കുന്നില്ല. പുതിയതായി ഇനി എടുക്കുന്ന കുട്ടികൾക്ക് ബോണ്ട് ആവശ്യമില്ല. അങ്ങനെ ബോണ്ട് ആവശ്യമില്ലാത്ത കുട്ടികളെ സംബന്ധിച്ചിടത്തോളം ആ കുട്ടികൾക്ക് സ്റ്റൈപെൻഡ് കൊടുക്കുകയില്ല. അതിന്റെ പ്രതിനിധികളോട് ഞാൻ സംസാരിച്ചു. സംസാരിക്കാതെ ഇരുന്നില്ല. യൂണിഫോമിനെ സംബന്ധിച്ച് അവർക്ക് ഒരു കേസ്സുണ്ട്. കാരണം പഠിക്കാൻ വരുന്നവരായാലും ശരി മറ്റു നേഴ്സുമായാലും ശരി യൂണിഫോമിട്ട് വരുമ്പോൾ പഠിക്കാൻ വരുന്ന കുട്ടികൾക്ക് അതിന്റെ ബുദ്ധിമുട്ട് അനുഭവപ്പെടുന്നു. അതുകൊണ്ട് യൂണിഫോമിന്റെ കാര്യത്തിൽ ഞാൻ ആലോചിക്കാമെന്നും അവരെ അറിയിച്ചിട്ടുണ്ട്. എന്നാലും ഈ കാര്യത്തിൽ ഗവൺമെൻറ് എടുത്തിട്ടുള്ള നിലപാട് അതാണ്. അവർക്ക് താമസത്തിന് യാതൊരു ബുദ്ധിമുട്ടും ഇല്ല. ഇവിടെ ഹോസ്റ്റലിന്റെ കാര്യം പറഞ്ഞു. ഹോസ്റ്റൽ ഫീസ് കൊടുക്കണ്ട. പഠിക്കാനുള്ള ഫീസ് കൊടുക്കണ്ട. യൂണിഫാമിന്റെ കാര്യം തീർച്ചയായിട്ടും ഗവൺമെൻറ് അനുഭാവപൂർവ്വം ആലോചിച്ച് അറിയിക്കാമെന്നും പറഞ്ഞിട്ടുണ്ട്.

ശ്രീ. ഇ. കെ. നായനാർ : ട്രെയിനിംഗ് പീരീഡിൽ അവരെ ആശുപത്രിയിൽ ജോലി ചെയ്യിപ്പിക്കുന്നുണ്ടല്ലോ. അതാണ് അവർ സ്റ്റൈപെൻഡ് ചോദിച്ചത്. അവർക്ക് അവിടെ ഈ ട്രെയിനിംഗ് പീരീഡിൽ ജോലിയുണ്ട്. ഇതിനെ സംബന്ധിച്ചും ആലോചിച്ചിട്ട് ഈ സമരത്തിന്റെ നേതാക്കൻമാരുമായി അല്ലെങ്കിൽ അതിന്റെ പ്രതിനിധികളുമായി ചർച്ച ചെയ്ത് ഇത് പരിഹരിക്കാൻ ഒരു സമീപനം കൈക്കൊള്ളുമോ ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : ചർച്ച ചെയ്യുന്നതിൽ ഒരിക്കലും എനിക്ക് വിഷമമില്ല. പഠിച്ച കുട്ടികൾക്ക് പഠിച്ചതിന്റെ പരിശീലനത്തിന്റെ കോഴ്സ് കംപ്ലീറ്റു ചെയ്യൽ മാത്രമാണ്. അത് പഠിത്തത്തിന്റെ ഭാഗം മാത്രമാണ്.

IV മേശപ്പുറത്തുവച്ച കടലാസ്

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ) : സർ, 1986-ലെ കേരള കണ്ടിൻജൻസി ഫണ്ട് (ഭേദഗതി) ഓർഡിനൻസ് 1986-ലെ (പ്രാ. നമ്പർ ഓർഡിനൻസ്) ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly